# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8152 — 17.07.2014 - ൽ മറുപടിയ്ക്ക്

## ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആയുർവേദ, ഹോമിയോപ്പതി, യോഗ, പ്രകൃതി ചികിത്സാ സമ്പ്രദായങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ നിലവിലുള്ളതെന്നും ഇതുവഴി നൽകിവരുന്ന ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ ; | (ബി) | നിലവിൽ തിരുവനന്തപുരം, കോഴിക്കോട് , എറണാകുളം, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ സർക്കാർ ഹോമിയോ ആശുപത്രികളോടനുബന്ധിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ആധുനിക ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ , ഹൃദ്രോഗം, സ്ത്രീകളിലെ ഗർഭാശയ /ഹോർമോൺ വൈകല്യങ്ങൾ, ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്ക് ഹോമിയോപ്പതി, ആയുർവേദം, പ്രകൃതി ജീവനം, യോഗ തുടങ്ങിയ സമ്പ്രദായങ്ങളിലെ ഗുണവശങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ചികിത്സാ സൗകര്യങ്ങൾ ഈ സെന്ററുകളിൽ ലഭ്യമാണ്. പ്രസ്തുത ജീവിത ശൈലീ രോഗങ്ങൾ പിടിപെടാതിരിക്കാനുള്ള |

പ്രതിരോധ ചികിത്സയും ഈ സെന്ററുകളിലൂടെ നൽകി വരുന്നു.

(സി) മലപ്പുറം ജില്ലയിൽ ഇത്തരം കേന്ദ്രങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; ജില്ലയിലെ ഓരോ മണ്ഡലത്തിലും ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) ഇല്ല. സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി ഈ പദ്ധതിയുടെ സേവനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 2012-13 ൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ആരംഭിച്ച പദ്ധതി 2013-14 ൽ എറണാകുളത്തും കണ്ണൂരും തുടങ്ങി. ഈ വർഷം ആയുഷ് സെന്ററുകൾ നിലവിൽ പ്രവർത്തിക്കുന്ന ജില്ലകളിൽ താലൂക്ക് തലത്തിലേയ്ക്ക് കൂടി പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഈ പദ്ധതിയുടെ സേവനം ലഭ്യമല്ലാത്ത മറ്റ് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ